പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :599
12.06.2012 - ൽ മറുപടിയ്ക്ക്

## സിഡ്കോയിലെ നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സാജു പോൾ | | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ സ്മാൾ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (സിഡ്കോ) ഏതെല്ലാം തസ്തികകളിലേക്ക് നിയമനം നടത്താൻ ഓൺലൈനിലൂടെ എത്ര തവണ അപേക്ഷ ക്ഷണിക്കുകയുണ്ടായി; ഇപ്രകാരം എത്ര പേരെ നിയമിക്കുകയുണ്ടായി ; | : | (എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓൺ ലൈനിലൂടെ ഒരു തവണ താഴെപ്പറയുന്ന തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയുണ്ടായിയെങ്കിലും നിയമനം നടത്തിയിട്ടില്ല.<br>1. അസി. എൻജിനീയർ (കൺസ്ട്രക്ഷൻ)<br>2. സീനിയർ മാനേജർ (എ)<br>3. പ്രൊഡക്ഷൻ എൻജിനീയർ<br>4. മാനേജർ.<br>5. അസി. എൻജിനീയർ (ഐ.റ്റി& റ്റി.സി)<br>6. സീനിയർ മാനേജർ (സിസ്റ്റംസ്) |
| (ബി) ഓൺലൈനിലൂടെ അപേക്ഷ ക്ഷണിച്ച കാര്യം പത്ര പരസ്യങ്ങളിലൂടെ അറിയിച്ചിട്ടുണ്ടായിരുന്നുവോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ; | : | (ബി) ഓൺലൈനിലൂടെ അപേക്ഷ ക്ഷണിച്ച കാര്യം പത്രപ്പരസ്യങ്ങളിലൂടെ അറിയിച്ചിട്ടുണ്ടായിരുന്നു. |
| സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടായിരുന്നുവോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; | : | (സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. സിഡ്കോയിൽ നിലിവിലുള്ള റൂൾസ് പ്രകാരം 11,070/- രൂപ വരെ അടിസ്ഥാന ശമ്പളമുള്ള തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി മുഖാന്തിരവും അതിന് മുകളിൽ വരുന്ന അടിസ്ഥാന ശമ്പളത്തിലുള്ള തസ്തകകളിലേയ്ക്കുള്ള നിയമനങ്ങൾ സ്ഥാനക്കയറ്റം വഴിയും നേരിട്ടുള്ള നിയമനം വഴിയും നികത്തേണ്ടതാണ്. |

| | | |
|---|---|---|
| ഡി) പൊതുമേഖലാ സ്ഥാപനങ്ങളിലുണ്ടാകുന്ന ഒഴിവുകളിലേക്ക് നിയമനം നടത്തുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങളുടേയും വ്യവസ്ഥകളുടേയും ലംഘനം ഓൺ-ലൈനിലൂടെ മാത്രം അപേക്ഷ ക്ഷണിച്ച് നിയമനം നടത്തുന്ന കാര്യത്തിലുണ്ടായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ? | : | (ഡി) ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ.